കണ്ണൂർ സർവ്വകലാശാല

(സംഗ്രഹം)

കണ്ണൂർ സർവകലാശാല സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസ് ,ധർമശാല- എം എഡ് കോഴ്സിന്റെ ഫീസ് ഘടന 2020-21 അധ്യയന വർഷം മുതൽ പുനർനിശ്ചയിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

അക്കാദമിക് ഡി വിഭാഗം

No.Acad.D2/6323/Fee/2017 | തീയതി: 27.11.2020

---

പരാമർശം:-1)30.08.2017 തീയതിയിലെ Acad.D2/ 6323/ Fee/2017 സർവകലാശാല ഉത്തരവ്.
2 ) സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസ് ,ധർമശാല വകുപ്പ് മേധാവിയുടെ 27.09.2020 തീയതിയിലെ നിവേദനം .
3 )സർവകലാശാല സിണ്ടിക്കേറ്റിന്റെ 17.11.2020 തീയതിയിലെ ഇനം നമ്പർ 2020.490 യോഗ തീരുമാനം.

ഉത്തരവ്

1.പരാമർശം (1)പ്രകാരം കണ്ണൂർ സർവകലാശാല സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസ്,ധർമശാലയിലെ രണ്ടു വർഷ എം എഡ് കോഴ്സിന്റെ ഫീസ് 2017 മുതൽ പ്രതി വർഷം 24,000/-രൂപയായി നിശ്ചയിച്ചിട്ടുണ്ട്.

2.സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസ് ,ധർമശാല എം എഡ് കോഴ്സിന്റെ മേൽ പ്രതിപാദിച്ച ഫീസ് മറ്റു സർവകലാശാല വകുപ്പുകൾ / സ്ഥാപനങ്ങളിലെ റെഗുലർ എം എഡ് കോഴ്സിന്റെ ഫീസിനേക്കാൾ അധികമായതിനാൽ നിലവിലെ ഫീസ് ഘടന പുനഃപരിശോധിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പരാമർശം (2) പ്രകാരം വകുപ്പ് മേധാവി സമർപ്പിച്ച അപേക്ഷ ബഹു.വൈസ് ചാൻസലർ സർവകലാശാല സിണ്ടിക്കേറ്റിന്റെ പരിഗണനയ്ക്കു സമർപ്പിച്ചിരുന്നു.

3.പ്രസ്തുത വിഷയം പരിഗണിച്ച സർവകലാശാല സിണ്ടിക്കേറ്റ് യോഗം,എം എഡ് കോഴ്സിന്റെ ഫീസ് 2020-21 അധ്യയന വർഷം മുതൽ 24000/- രൂപയിൽനിന്നും 12000/- രൂപയായി പ്രതി വർഷം കുറവു വരുത്തികൊണ്ടു പരാമർശം (3) പ്രകാരം തീരുമാനിച്ചു.

4 കണ്ണൂർ സർവകലാശാല സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസ് ,ധർമശാലയിലെ എം എഡ് കോഴ്സിന്റെ ഫീസ് ഘടന 2020-21 അധ്യയന വർഷം മുതൽ പ്രതി വർഷം 12000/-രൂപയായി (പന്ത്രണ്ടായിരം രൂപാ മാത്രം) പുനർനിശ്ചയിച്ചു കൊണ്ടുള്ള മേൽ സിൻഡിക്കേറ്റ് തീരുമാനം നടപ്പിൽ വരുത്തി ഉത്തരവായിരിക്കുന്നു.

5.തദനുസൃതമായി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്/-
**ബാലചന്ദ്രൻ വി കെ**
**ഡെപ്യൂട്ടി രജിസ്ട്രാർ(അക്കാഡ്)**
രജിസ്ട്രാർക്ക് വേണ്ടി

സ്വീകർത്താവ്: 1)സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസ്,വകുപ്പ് മേധാവി
2 )വെബ്മാനേജർ

പകർപ്പ്: 1.വി.സി.യുടെ പി.എസ്
2.പി.വി.സി./ രജിസ്ട്രാർ/പരീക്ഷ കൺട്രോളർ/
ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ മാർ
3.ഡി.എസ്.എസ്, എൻക്വയറി
4.കരുതൽ ഫയൽ,ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ